# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 8/ 379/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/05/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ഉപരപത്രം സഹിതം),
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരപത്രം സഹിതം),
അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ. പി.കെ.ഡി. 8/ 379/22 തീയ്യതി: 18/05/2022

## പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2019 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-01-2022 | 25-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-01-2022 | 25-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബിജു ആന്റണി.യു, ഓഡിറ്റ് ഓഫീസർ,

ശ്രീ. എം. ശിവപ്രസാദ്, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. ഐ. കന്തസ്വാമി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി. അരവിന്ദാക്ഷൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. സുനിത ജോസഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.കെ. വിനോദ് കുമാർ | സെക്രട്ടറി | 01-04-2020 | 02-02-2021 |
| ശ്രീ.കെ.എൻ.വാസു | സെക്രട്ടറി | 03-02-2021 | 07-02-2021 |
| ശ്രീ.കെ. സുഭാഷ് | സെക്രട്ടറി | 08-02-2021 | 28-02-2021 |
| ശ്രീമതി.ഹമീദ ജലീസ | സെക്രട്ടറി | 01-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | അസി. എക്സിക്യൂട്ടിവ് എഞ്ചിനീയര് | 01-04-2020 | 31-03-2021 |
| ശ്രീമതി. ശുഭ കെ നായർ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അബ്ബാസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ശ്രീ. താർഷ്യസ് മോഹൻ | കൃഷി അസി. ഡയറക്ടർ | 01-04-2020 | 30-06-2020 |
| ഷിബു.എ.ആർ | കൃഷി അസി. ഡയറക്ടർ | 01-07-2020 | 01-12-2020 |
| വർഗീസ് നൈനാന് | കൃഷി അസി. ഡയറക്ടർ | 02-12-2020 | 17-12-2020 |
| ഷിബു.എ.ആർ | കൃഷി അസി. ഡയറക്ടർ | 18-12-2020 | 31-03-2021 |
| നന്ദിനി.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 09-06-2020 |
| ജയ പ്രകാശ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-06-2020 | 03-08-2020 |
| അശ്വതി.എം.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-08-2020 | 31-03-2021 |
| ശ്രീ. വിജയൻ.കെ | ഷെഡ്യൂൾ കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ശരത്ത് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 28-12-2020 |
| വി. ചന്ദ്രശേഖരൻ | ഇൻഡസ്ട്രിയൽ | 29-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Biju Antony (Audit Officer, On 03-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Biju Antony (Audit Officer, On 23-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Kanthaswami.I (Auditor, On 25-01-2022)<br>Last Updated By: Kanthaswami.I (Auditor, On 25-01-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 23-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-10 |
| 11 | സമൃദ്ധി-നെല്ലുല്പാദന കൂലിചിലവ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-11 |
| 12 | ബാലമിത്ര – അങ്കണവാടികൾ സ്മാർട്ട് പദ്ധതി -പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ടുകൾ ഏറ്റെടുത്തു.<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-12 |
| 13 | കപാട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-13 |
| 14 | പട്ടികജാതി വിഭാഗം -പ്രൊഫഷണൽ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-14 |
| 15 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-15 |
| 16 | ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ -ബ്ലോക്ക് വിഹിതം | 1-16 |

| | | |
|---|---|---|
| | നൽകൽ (SCP) 2020-21- വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | |
| 17 | പാലമല കോളനി അയ്യൻകാളി സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -വിതരണം ചെയ്യതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-17 |
| 18 | സ്കൂളുകൾക്ക് ബാന്റ്സെറ്റ് വിതരണം - ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരാത്ത പ്രൊജക്ട് ഏറ്റെടുത്തത് സംബന്ധിച്ച്<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-18 |
| 19 | സബ്സിഡി മാർഗരേഖയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചിരിക്കുന്നു-<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-19 |
| 20 | പ്രൊജക്ട് നിർവഹണത്തിനു വേണ്ടി കൈമാറിയ തുകകൾ- വിനിയോഗ / ചെലവ് പുരോഗതി സാക്ഷ്യപത്രം ഹാജരാക്കണം<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-20 |
| 21 | മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ബ്ലോക്ക് ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങിയത് ക്രമവിരുദ്ധം<br>Written By: M.sivaprasad (Asst. Audit Officer, On 01-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-21 |
| 22 | സർക്കാർ വിദ്യാലയങ്ങളിൽ ശുചിമുറി നിർമ്മാണം- അപാകതകൾ<br>Written By: Kanthaswami.I (Auditor, On 05-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-22 |
| 23 | 25000 രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും GeM മുഖേന ആയിരിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 05-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-23 |
| 24 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 29-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-24 |
| 25 | വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Kanthaswami.I (Auditor, On 29-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-25 |
| 26 | പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക നൽകിയത്<br>Written By: Kanthaswami.I (Auditor, On 29-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-26 |
| 27 | ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച്<br>Written By: Kanthaswami.I (Auditor, On 29-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-27 |
| 28 | പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 29-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 1-28 |
| 29 | മൂന്ന് പ്രോജക്ടുകളിലൂടെ നിർവ്വഹണം നടത്തിയ ബഹുവർഷ പദ്ധതി നിഷ്ഫലമായി തുടരുന്നു.<br>Written By: Kanthaswami.I (Auditor, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 20-05-2022) | 1-29 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

| | | |
|---|---|---|
| 1 | സ്കൂളുകൾക്ക് ബാന്റ്സെറ്റ് വിതരണം - ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരാത്ത പ്രൊജക്റ്റ് ഏറ്റെടുത്തതു-തുക നിരാകരിക്കുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 05-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 3-1 |
| 2 | സബ്സിഡി മാർഗരേഖയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചിരിക്കുന്നു-<br>Written By: M.sivaprasad (Asst. Audit Officer, On 05-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 3-2 |
| 3 | വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Kanthaswami.I (Auditor, On 20-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 3-3 |

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 07-02-2022)<br>Last Updated By: Biju Antony (Audit Officer, On 07-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Biju Antony (Audit Officer, On 25-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 21-05-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

7-3-2020തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 18-2-2021ലെ 2(1)തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്.

ബജറ്റ് കണക്കുകൾ

| | |
|---|---|
| മുന്നിരിപ്പ് | 10459263 |
| വരവ് | 345019000 |
| ആകെ | 355478263 |
| ചെലവ് | 350528200 |
| നീക്കിയിരിപ്പ് | 4950063 |

തൻവർഷത്തെ യഥാർത്ഥ വരവു ചെലവുകൾ ചുവടെ ചേർക്കുന്നു .

| | |
|---|---|
| മുന്നിരിപ്പ് | 12788135 |
| വരവ് | 82515206 |
| ആകെ | 95303341 |
| ചെലവ് | 90167719 |
| നീക്കിയിരിപ്പ് | 5135622 |

ബജറ്റ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വളരെയധികം അന്തരം നിലനിൽക്കുന്നു . ആയതിനാൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് രൂപീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് .

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥരോട് ബജറ്റ് നിർദേശങ്ങൾ ആവശ്യപ്പെട്ടിരുന്നു എങ്കിലും തൻവർഷം ആരും ബജറ്റ് നിർദേശങ്ങൾ നൽകിയതായി ഫയലിൽ കാണുന്നില്ല.

ആയതിനാൽ ബജറ്റ് രൂപീകരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും നിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ബജറ്റ് രൂപീകരിക്കുന്നതിന് ധനാകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഭരണസമിതയും ശ്രദ്ധ ചെലുത്തേണ്ടതാണ് .

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2021 | 14-6-2021 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12788135 |
| വരവ് | 82515206 |
| ആകെ | 95303341 |
| ചെലവ് | 90167719 |
| നീക്കിയിരിപ്പ് | 5135622 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 30002034 | 30002034 | 30002034 | 0 |
| വികസന ഫണ്ട്- | 0 | 19908670 | 19908670 | 19908670 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 505454 | 505454 | 436000 | 69454 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | | 0 | 5235505 | 5235505 | 5235505 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5640000 | 5640000 | 5639997 | 3 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( പെർഫോമൻസ് ഗ്രാന്റ് ) | | 0 | 5640000 | 5640000 | 4337431 | 1302569 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് (സംസ്ഥാനം) | | 300000 | 0 | 300000 | 223492 | 76508 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 1921777 | 249890 | 2171667 | 1894343 | 277324 |
| | IAY (General) | 1839848 | 140415 | 1980263 | 1153236 | 827027 |
| | IAY(SCP) | 3812158 | 0 | 3812158 | 2276248 | 1535910 |
| | Best Panchayath Award | 552245 | 2500000 | 3052245 | 3052245 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 141179048 | 150 | 73891172 | 0 | 13 | 92 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി. ഡയറക്ടർ | 3 | 2 | 2731037 | 1861037 | 68.1 |
| എസ്.സി.ഡി.ഓ | 4 | 4 | 2186946 | 1992017 | 91.1 |
| സി.ഡി.പി.ഓ | 5 | 4 | 3405467 | 2721571 | 80 |
| സെക്രട്ടറി | 37 | 36 | 65091505 | 21343456 | 32.8 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 98 | 90 | 47398927 | 36655760 | 77 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 9 | 5235545 | 4617710 | 88.2 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 4 | 14929621 | 4549621 | 30.5 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 200000 | 150000 | 75 |
| ആകെ | 163 | 150 | 141179048 | 73891172 | 52.3 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഒന്നുമില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഒന്നുമില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവായി തുകയൊന്നും ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ കൃത്യമായി സംവിധാനങ്ങളൊന്നും ഇല്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ താരതമ്യേന പുറമെ നിന്നുള്ള വരവുകൾ കുറവായിതിനാലാണ് ഇപ്രകാരം പ്രത്യേകം സജ്ജീകരണങ്ങൾ ഏർപ്പെടുത്താത് എന്നാണ് സൂചിപ്പിച്ചത്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. എന്നാൽ ഘടകസ്ഥാപനങ്ങളുടെ സാധനങ്ങൾ സമാഹരിക്കലിൽ ഇത്തരം കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല.

കൂടാതെ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ

ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് " സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ ശ്രദ്ധചെലുത്തുന്നുണ്ട് എങ്കിലും ആസ്തി രജിസ്റ്റർ, മാസ്റ്റ് ഇൻകൃമ്പൻസി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

ആഭ്യന്തിര നിയന്ത്രണം ഒന്നുകൂടി കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ നൽകുന്നതിനായി ഭരണസമിതിയുടെയും സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.8.2020 | 2019-20 | 23.9.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 | 2012-13 മുതൽ 2016-17 വരെ | 28.5.2019 |

## 1-11 സമൃദ്ധി-നെല്ലുല്പാദന കൂലിചിലവ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സമൃദ്ധി-നെല്ലുല്പാദന കൂലിചിലവ് എന്ന പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നമ്പർ -58

അടങ്കൽ -2630000 (പദ്ധതി വിഹിതം (ജനറൽ)

ചെലവ് - 1790000

അസിസ്റ്റന്റ് ഡയറക്ടർ അഗ്രികൾച്ചർ, കൃഷി നിർവ്വഹണ ഉദ്യോഗസ്ഥനായി 1790000 രൂപ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|
| വെള്ളിനേഴി | 590600 |
| ശ്രീകൃഷ്ണപുരം | 440000 |
| കടമ്പഴിപ്പുറം | 671900 |
| കാരാകുർശ്ശി | 87500 |

പ്രസ്തുത തുകകൾ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/15.1.2022) മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 ബാലമിത്ര – അങ്കണവാടികൾ സ്മാർട്ട് പദ്ധതി -പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ടുകൾ ഏറ്റെടുത്തു.

ബാലമിത്ര – അങ്കണവാടികൾ സ്മാർട്ട് പദ്ധതി എന്ന പ്രൊജക്റ്റ് സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ | | റിമാർക്സ് |
|---|---|---|---|---|---|
| 33/21 | 1556000 (പദ്ധതി വിഹിതം -ജനറൽ) | 1490474 (പദ്ധതി വിഹിതം -ജനറൽ) | 11/19.10.20 | 607716 | 18 ലാപ്ടോപ്പുകൾ വാങ്ങിയതിന് നൽകിയ തുക |
| | | | 12/12.11.20 | 123500 | ബാലങ്കണം സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിനും കോൺഫിഗറേഷനുമുള്ള സേവനം |
| | | | 14/13.1.21 | 63000 | അടിസ്ഥാന ലാപ്ടോപ്പ് ഉപയോഗത്തെക്കുറിച്ചും ബാലങ്കാനം സോഫ്റ്റ്‌വെയറിനെക്കുറിച്ചും 21 അങ്കണവാടികൾക്ക് പ്രാഥമിക പരിശീലനത്തിനുള്ള സേവനം |
| | | | 15/13.1.21 | 633258 | 43 Inch LCD ടി.വി 18 എണ്ണം വാങ്ങിയതിന് നൽകിയ തുക |
| | | | 16/19.2.21 | 63000 | അടിസ്ഥാന ലാപ്ടോപ്പ് ഉപയോഗത്തെക്കുറിച്ചും ബാലങ്കാനം സോഫ്റ്റ്‌വെയറിനെക്കുറിച്ചും 21 അങ്കണവാടികൾക്ക് ഇന്റർമീഡിയറ്റ് പരിശീലനത്തിനുള്ള സേവനം |

ഓരോ പഞ്ചായത്തിലേയും അങ്കണവാടികൾ തെരഞ്ഞെടുത്ത് 42 ഇഞ്ച് LCD ടി.വി, ലാപ്ടോപ്പ് , ടേബിൾ, ചെയർ എന്നിവ നൽകി അങ്കണവാടികൾ സ്മാർട്ട് ആക്കുക എന്ന ഉദ്ദേശ്യത്തോടൊപ്പം പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തി കൂടുതൽ വിദ്യാർത്ഥികളെ ഇതിലേക്ക് ആകർഷിക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

1)പ്രസ്തുത പ്രൊജക്ടിൽ വേണ്ടി 18 ലാപ്ടോപ്പുകൾ CPRCS മുഖേന വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ -TVM/ITBG/PI/RC/19462/20-21 Dt 14.10.20

| ഇനം | തുക | എണ്ണം | ആകെ |
|---|---|---|---|
| Laptop-Medium End-Windows | 33762.00 | 18 | 607716.00 |

പ്രസ്തുത 18 ലാപ്ടോപ്പുകൾ വിവിധ അങ്കണവാടികളിലേക്ക് നൽകിയിട്ടുണ്ട്.

2) ഇതിനു പുറമേ 18LG 43 Inch LCD ടി.വി കൾ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയതിനു വേണ്ടി

633258 രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് (10245049602) നൽകിയിട്ടുണ്ട്. ടി.വി കൾ Gem മുഖേന ലഭ്യമാണോ എന്ന് പരിശോധിക്കാതെയാണ് കെൽട്രോണിൽ നിന്നും വാങ്ങിയിരിക്കുന്നത്. പ്രസ്തുത വാങ്ങലിനെ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ രേഖപ്പെടുത്തലുകൾ ഇല്ല.

സ.ഉ. (കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 -ഖണ്ഡിക 7.8.2(1) പ്രകാരം അങ്കണവാടികൾക്ക് ഫർണ്ണിച്ചർ, മറ്റു ഭൗതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ ആക്കുന്നതിനുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ഏറ്റെടുക്കാവുന്നതാണ്. പ്രസ്തുത ഉപകരണങ്ങൾ നൽകാനുള്ള അങ്കണവാടികളെ തെരഞ്ഞെടുത്തത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രവും ഹാജരാക്കിയിട്ടില്ല. സർക്കാറിൽ നിന്നും മുൻകൂർ അനുമതിയോ, നൂതന പ്രൊജക്ടുകൾക്കുള്ള പ്രത്യേകാനുമതിയോ ലഭ്യമാക്കാതെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/18.01.22) മറുപടിയോ രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1490474 രൂപ തടസ്സപ്പെടുത്തുന്നു.

### 1-13 ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വയോമിത്രം- മുതിർന്ന പൗരൻമാർക്കുള്ള സംരക്ഷണ പ്രവൃത്തികൾ എന്ന പ്രൊജക്ട് സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയ്യതി | തുക |
|---|---|---|---|---|---|
| 190 | വയോമിത്രം മുതിർന്ന പൗരൻമാർക്കുള്ള സംരക്ഷണ പ്രവർത്തികൾ | 400000 (പദ്ധതി വിഹിതം -SCP) | 211630 | 9/11.8.20 | 208695 |
| | | | | 10/16.10.20 | 1869 |
| | | | | 13/11.1.21 | 566 |
| | | | | 17/19.2.21 | 500 |
| | | | | | 211630 |

ബിൽ നമ്പർ 9 പ്രകാരം 208695 രൂപ വിവിധ സാമഗ്രികൾ സപ്ലൈ ചെയ്തതിന് താഴെ പറയുന്ന സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| ബാവ മെറ്റൽസ് | 19708 | 30897710437 |
| എഫ്ഫാർ ട്രേഡിംഗ് | 188987 | 03920021001225 |

സാധനങ്ങൾ വാങ്ങുന്നതിന് വേണ്ടി ക്വട്ടേഷൻ/ടെണ്ടർ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/18.01.22) മറുപടിയൊന്നും നൽകിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 211630 രൂപ തടസ്സപ്പെടുത്തുന്നു.

### 1-14 പട്ടികജാതി വിഭാഗം -പ്രൊഫഷണൽ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പട്ടികജാതി വിഭാഗം -പ്രൊഫഷണൽ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ട് സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ

| പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ | തുക |
|---|---|---|---|---|

| നമ്പർ | | | നമ്പർ/തീയ്യതി | |
|---|---|---|---|---|
| 194 | 1057992 | 1057992 | 8/13.10.20 | 280000 |
| | | | 19/15.2.21 | 370000 |
| | | | 22/9.3.21 | 20000 |
| | | | 26/27.3.21 | 357992 |
| | | | 27/27.3.21 | 30000 |
| | | | Total | 1057992 |

ബ്ലോക്ക് പരിധിയിലെ വിവിധ പഞ്ചായത്തുകളിലെ പട്ടികജാതി വിഭാഗം പി.ജി./മെഡിക്കൽ/മറ്റു കോഴ്സുകൾ മെരിറ്റ് ക്വാട്ടയിൽ പ്രവേശനം നേടിയവർക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് പ്രൊജക്ട്. ആയത് പ്രകാരം 50 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സ.ഉ.(കൈ) 22/18 , ത.സ്വ.ഭ.വ, തീയ്യതി 14.2.18 -ലെ ഖണ്ഡിക 7.2.5 പ്രകാരം പാലിക്കേണ്ട താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1) ആനുകൂല്യം നൽകുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം എടുക്കേണ്ടതാണ്.

2) ഗ്രാമസഭാകമ്മിറ്റിയിലും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാവൂ.

മേൽനടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(8/21.1.22) കോവിഡ് കാരണമാണ് ഗ്രാമസഭകൾ കൂടാൻ കഴിയാതിരുന്നതെന്നും അംഗീകാരം വാങ്ങുമെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-15 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - രേഖകൾ ഹാജരാക്കിയില്ല -രൂപ തടസ്സപ്പെടുത്തുന്നു.

CDPO നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ൽ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്റ്റിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 31 | 1300000 | 900000 (അക്കൗണ്ട് ട്രാൻസ്ഫർ) |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയ ഗുണഭോക്തൃ ലിസ്റ്റോ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/21.01.22) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 900000 രൂപ തടസ്സപ്പെടുത്തുന്നു.

1-16 ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ -ബ്ലോക്ക് വിഹിതം നൽകൽ (SCP) 2020-21- വിനിയോഗവിവരം ലഭ്യമാക്കിയില്ല.

2020-21 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേന നിർവഹിച്ച ലൈഫ് മിഷൻ വീടുകൾക്ക് ധനസഹായം നൽകൽ (SCP) എന്ന പ്രൊജക്ട് നിർവഹണത്തിനായി ബ്ലോക്ക് പരിധിയിലുള്ള വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇത്തരത്തിൽ കൈമാറിയ തുകകളുടെ വിനിയോഗ വിവരം നാളിതുവരെ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് തുക | ബിൽ നമ്പർ/തീയ്യതി | തുക | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|---|
| 43/20 ലൈഫ് ഭവനപദ്ധതി വിഹിതം (SCP) | 3513400 | 1576787 | 88/30.03.21 | 1436787 | 700000 | ശ്രീകൃഷ്ണപുരം ഗ്രാ.പ |
| | | | | | 736787 | പൂക്കോട്ടുക്കാവ് ഗ്രാ.പ |
| | | | Account Transfer | 140000 | കടമ്പഴിപ്പുറം ഗ്രാ.പ | |
| Total | | | | 1576787 | | |

മേൽപറഞ്ഞ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (19/25.1.22) നൽകിയെങ്കിലും ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-17 പാലമല കോളനി അയ്യൻകാളി സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

പാലമല കോളനി അയ്യൻകാളി സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രൊജക്ട് സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -165

അടങ്കൽ -64700

ചെലവ്-64700

ബിൽ നമ്പർ-9/17.4.20
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രസ്തുത പ്രൊജക്ടിന് ക്വട്ടേഷൻ ക്ഷണിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത എഫ്ഫാർ ട്രേഡിംഗ്, പട്ടിക്കര, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

Invoice No-3288/19.02.20

| Item | Quantity | Rate | Amount |
|---|---|---|---|
| Chair Web | 60 | 533.9 | 32034.00 |
| PL Chair | 10 | 614.4 | 6144.00 |
| Almirah | 1 | 11228.8 | 11228.8 |
| Office Table | 2 | 2711.86 | 5423.72 |
| SGST | | | 4934.74 |
| CGST | | | 4934.74 |
| TOTAL | | | 64700.00 |

പ്രസ്തുത സാധനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും അയ്യൻകാളി സാംസ്കാരിക നിലയത്തിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച്

ഓഡിറ്റ് അന്വേഷണം (18/25.01.22) നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 64700 രൂപ തടസ്സപ്പെടുത്തുന്നു.

1-18 സ്കൂളുകൾക്ക് ബാന്റ്സെറ്റ് വിതരണം - ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരാത്ത പ്രൊജക്ട് ഏറ്റെടുത്തത് സംബന്ധിച്ച്

നമ്മ അറ്റ് സ്കൂൾ-സ്കൂളുകൾക്ക് ബാന്റ് സെറ്റ് വിതരണം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയ്യതി | തുക |
|---|---|---|---|---|---|
| 155 | നമ്മ അറ്റ് സ്കൂൾ-സ്കൂളുകൾക്ക് ബാന്റ്സെറ്റ് വിതരണം | 841428 (Plan Gen-833042, B.C-8386) | 833042+ 166614(B.C) | 1/17.4.20 | 119006 |
| | | | | 2/17.4.20 | 119006 |
| | | | | 3/17.4.20 | 119006 |
| | | | | 4/17.4.20 | 119006 |
| | | | | 5/17.4.20 | 119006 |
| | | | | 6/17.4.20 | 119006 |
| | | | | 7/17.4.20 | 119006 |
| | | | | Total | 833042 |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 സ്കൂളുകൾക്ക് ബാന്റ് സെറ്റ് വിതരണം നടത്തുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. ഇതിലൂടെ വിവിധ സർക്കാർ/എയ്ഡഡ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് ബാന്റ് വാദ്യത്തിൽ പരിശീലനം നേടാനും മത്സരങ്ങളിലും ബ്ലോക്കിലേയും സ്കൂളുകളിലേയും വിവിധ ചടങ്ങുകളിൽ ബാന്റ് വാദ്യം അവതരിപ്പിക്കാനും കഴിയും എന്നതാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

1)പ്രസ്തുത പ്രൊജക്ടിന് ഇ-ടെണ്ടർ വിളിക്കുകയും കുറഞ്ഞ തുക (999656) ക്വാട്ട് ചെയ്ത PREMSON Musical Instruments ,Bangalore എന്ന സ്ഥാപനത്തിന് തുക നൽകുകയും ചെയ്തു.

പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയും താഴെ പറയുന്ന 7 സ്കൂളുകളിലേക്ക് വിതരണം ചെയ്തിട്ടുമുണ്ട്.

| Sl No | സ്കൂളിന്റെ പേര് |
|---|---|
| 1 | KAUP School Elambulassery |

| | |
|---|---|
| 2 | S.V.A.U.P School Kulikkiliyad |
| 3 | Sabari PTBS HS Adakkaputhur |
| 4 | Sabari HS Pallikurup |
| 5 | HS Katampazhipuram |
| 6 | Govt U.P School Kadampazhipuram |
| 7 | Sreekrishnapuram HSS Sreekrishnapuram |

പ്രസ്തുത പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

1) ഗുണഭോക്തൃ തുകയായി കാണിച്ചിരിക്കുന്ന 166614 രൂപ പിരിച്ചതിന്റെയും അടവാക്കിയതിന്റെയും വിവരങ്ങൾ.

2) PREMSON Musical Instruments ,Bangalore എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച ഭരണസമിതിയുടേയും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും തീരുമാനം

3)PREMSON Musical Instruments ,Bangalore എന്ന സ്ഥാപനവുമായി അഗ്രിമെന്റ് വച്ചതിന്റെ രേഖ.

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, സ.ഉ.(കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 -ഖണ്ഡിക 7.6

എന്നിവ പ്രകാരം സ്കൂളുകൾക്ക് ബാന്റ് സെറ്റ് വിതരണം നടത്തുക എന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നില്ല. ഇത്തരം പ്രൊജക്ട് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് അന്വേഷണം (13/24.01.22) നൽകിയെങ്കിലും മറുപടിയൊന്നും നൽകിയില്ല. പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 833042 രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഖണ്ഡിക 3-1 ൽ പരാമർശിച്ചിട്ടുണ്ട്.

### 1-19 സബ്സിഡി മാർഗരേഖയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചിരിക്കുന്നു-

നാദം-കോട്ടപ്പുറം ഹെലൻ കെല്ലർ ശതാബ്ദി സ്മാരക മാതൃക അന്ധ വിദ്യാലയത്തിന് ബാന്റ്സെറ്റ് വാങ്ങൽ എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയ്യതി | തുക |
|---|---|---|---|---|
| 76 | 150000 (Plan Gen) | 150000 | 73/30.01.21 | 138390 |
| | | | 82/29.3.21 | 11610 |
| | | | Total | 150000 |

പ്രസ്തുത പ്രൊജക്ടിന് ടെണ്ടർ വിളിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സരസ്വതി മ്യൂസിക്കൽസ് & സ്പോർട്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ വാദ്യോപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, സ.ഉ.(കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 -ഖണ്ഡിക 7.6 എന്നിവ പ്രകാരം സ്കൂളുകൾക്ക് ബാന്റ് സെറ്റ് വിതരണം നടത്തുക എന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (13/24.01.22) നൽകിയെങ്കിലും മറുപടിയൊന്നും നൽകിയില്ല. പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 150000 രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഖണ്ഡിക 3-2 ൽ പരാമർശിച്ചിട്ടുണ്ട്.

### 1-20 പ്രൊജക്ട് നിർവഹണത്തിനു വേണ്ടി കൈമാറിയ തുകകൾ- വിനിയോഗ / ചെലവ്

പുരോഗതി സാക്ഷ്യപത്രം ഹാജരാക്കണം

2020-21 സാമ്പത്തിക വർഷത്തിൽ പ്രൊജക്ടുകളുടെ നിർവഹണത്തിനു വേണ്ടി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവ് തുക | തുക നൽകപ്പെട്ട നിർവഹണ ഏജൻസിയുടെ പേര് |
|---|---|---|---|---|
| 1 | 11/21 | തെളിനീർ കരിമ്പുഴ പഞ്ചായത്തിലെ ആറ്റാശ്ശേരി പാടേരിക്കുളം കോളനി വി പി കോളനിയിലേക്ക് കുടിവെള്ളപദ്ധതി | 500000/- BillNo. 46/13.8.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 2 | 12/21 | തെളിനീർ കരിമ്പുഴ പഞ്ചായത്തിലെ പൊമ്പ്ര ആനോട് കോളനികളിലേക്ക് കുടിവെള്ള പദ്ധതി | 400000 BillNo. 50/25.8.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 3 | 13/21 | തെളിനീർ കരിമ്പുഴ പഞ്ചായത്തിലെ വാക്കടപ്പുറം വൈലാനി കോളനികളിലേക്ക് കുടിവെള്ള പദ്ധതി | 450000 BillNo. 31/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 4 | 14/21 | തെളിനീർ കാരാകുർശ്ശി പഞ്ചായത്തിലെ ഷാപ്പിൻകുന്ന് നാലുസെന്റ് കോളനി കുടിവെള്ള പദ്ധതി | 500000 BillNo. 47/13.8.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 5 | 15/21 | തെളിനീർ കാരാകുർശ്ശി പഞ്ചായത്തിലെ കണ്ടുകണ്ടം ചങ്കൂണി പള്ളിയാൽ പള്ളിക്കരുപ്പ് പാറോപ്പാടം കോളനികളിലേക്ക് കുടിവെള്ള പദ്ധതി | 500000 BillNo. 36/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 6 | 16/21 | തെളിനീർ കടമ്പഴിപ്പുറം പഞ്ചായത്തിലെ നീലാലപറക്കുന്നത്ത് കോളനി ഉമ്മനഴി വയനിപ്പാടം | 500000 BillNo. 32/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |

| | | | | |
|---|---|---|---|---|
| | | കോളനിയിലേക്ക് കുടിവെള്ള പദ്ധതി | | |
| 7 | 18/21 | തെളിനീർ ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ കയ്യത്തൊടി മമ്പള്ളിക്കളംപടി ചെരുങ്ങോട കോളനികളിലേക്ക് കുടിവെള്ള പദ്ധതി | 500000 BillNo. 37/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 8 | 19/21 | തെളിനീർ ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ മൂക്കിരിക്കാട് വലംമ്പിലിമംഗലം ചെലക്കാട് കോളനികളിലേക്ക് കുടിവെള്ള പദ്ധതി | 500000 BillNo. 38/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 9 | 20/21 | തെളിനീർ പൂക്കോട്ടുക്കാവ് പഞ്ചായത്തിലെ പുല്ലാനിക്കാട് വെണ്മരപ്പറമ്പ് കോളനിയിലേക്ക് കുടിവെള്ള പദ്ധതി | 500000 BillNo. 48/13.8.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 10 | 21/21 | തെളിനീർ പൂക്കോട്ടുക്കാവ് പഞ്ചായത്തിലെ മുന്നൂർക്കോട് വട്ടപറമ്പ് പൂതഞ്ചേരി കോളനികളിലേക്ക് കുടിവെള്ള പദ്ധതി | 400000 BillNo. 39/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 11 | 22/21 | തെളിനീർ വെള്ളിനേഴി പഞ്ചായത്തിലെ മള്ളിയൂർ മന കോളനിയിലേക്ക് കുടിവെള്ള പദ്ധതി | 200000 BillNo. 34/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 12 | 23/21 | തെളിനീർ വെള്ളിനേഴി പഞ്ചായത്തിലെ EMS നഗർ കരിങ്കര കോളനിയിലേക്ക് കുടിവെള്ള പദ്ധതി | 500000 BillNo. 35/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 13 | 170/21 | കാരാകുർശ്ശി പഞ്ചായത്തിലെ വേർക്കാട് കോളനി ആലപുരം കോളനികളിലേക്ക് KWA യിലെ മെയിൻ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പട്ടികജാതി ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ | 890000 BillNo. 16/26.5.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |

| | | | | |
|---|---|---|---|---|
| 14 | 171/21 | തെളിനീർ കരിമ്പുഴ പഞ്ചായത്തിലെ ഞെട്ടര കാവുണ്ട നെല്ലിക്കുന്ന് മണ്ടങ്ങ കുളങ്ങര എന്നീ കോളനികളിലേക്ക് കുടിവെള്ളപദ്ധതി | 1160000 Bill No-15/26.5.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 15 | 187/21 | തെളിനീർ പട്ടികജാതി വീടുകളിലേക്ക് കുടിവെള്ള പദ്ധതി കടമ്പഴിപ്പുറം പഞ്ചായത്തിലെ തിപ്പലി അംബേദ്കർ മന്നാർക്കുണ്ട് വേളങ്ങോട് മേൽഭാഗം എന്നീ കോളനികളിലേക്ക് കുടിവെള്ള പദ്ധതി | 1374000 Bill No-66/23.01.21 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 16 | 178/21 | തെളിനീർ കടമ്പഴിപ്പുറം പഞ്ചായത്തിലെ വേമ്പലംതൊടി കോളനിയിലേക്ക് കുടിവെള്ള പദ്ധതി | 500000 BillNo. 33/17.7.20 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 17 | 195/21 | തെളിനീർ വിവിധ പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കൽ | 737000 BillNo. 69/29.1.21 | കേരള ജല അതോറിറ്റി A/C No/ SBI 67150213827 KWA Shornur |
| 18 | 172/21 | NREGS മായി സംയോജിപ്പിച്ച കടുങ്ങൻചിറ അംഗൻ വാടി കെട്ടിട നിർമ്മാണം | 700000/- Bill NO. 17/27.5.20 | NREGS Mission Director, Kerala. A/C No. 79901100000486 |

മേൽ പറഞ്ഞ പട്ടിക പ്രകാരം വിനിയോഗ സാക്ഷ്യപത്രങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/25.01.2022) ന് മറുപടിയൊന്നും ഹാജരാക്കിയില്ല.

ആയതിനാൽ തുക കൈമാറിയ ഏജൻസികളിൽ നിന്നും, വിനിയോഗിച്ച തുകയുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും അവശേഷിക്കുന്ന തുക തിരികെ ഈടാക്കുകയും ചെയ്ത് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 മെയിന്റൻസ് ഗ്രാന്റ് ഉപയോഗിച്ച് ബ്ലോക്ക് ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങിയത് ക്രമവിരുദ്ധം

ബ്ലോക്ക് വികസന ഓഫീസ്, വ്യവസായ വികസന ഓഫീസ് എന്നിവയിലെ UPS, ബാറ്ററി എന്നിവ വാങ്ങൽ എന്ന പ്രൊജക്റ്റ് സംബന്ധമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നമ്പർ-166/21

അടങ്കൽ -190000

ചെലവ്-190000
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ-49/13.8.20 പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് പ്രസ്തുത തുക ട്രാന്സ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| SANS INFOCARE | 15320200003445 | 160400 |
| Elegant Electrical Contracting, Installation | 15320100035489 | 29600 |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം 8 Exide Solar Battery വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ നിലവിൽ ബ്ലോക്ക് ഓഫീസിന്റെ ആവശ്യത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. G.O (M.S) N0 300/2010 ത.സ്വ.ഭ.വ തീയ്യതി 10.12.2010 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനാണ് മെയിന്റൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത് .ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (20/25.01.22) നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. മെയിന്റൻസ് ഗ്രാന്റ് വിനിയോഗത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-22 സർക്കാർ വിദ്യാലയങ്ങളിൽ ശുചിമുറി നിർമ്മാണം- അപാകതകൾ

അസി.എക്സി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ 'സർക്കാർ വിദ്യാലയങ്ങളിൽ ശുചിമുറി നിർമ്മാണം' എന്ന പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | SO -138/21 ശുചിത്വമിത്ര സർക്കാർ വിദ്യാലയങ്ങളിൽ ശുചിമുറി നിർമ്മാണം |
| അടങ്കൽ: | 12,50,000/-<br>കേന്ദ്രാവിഷ്കൃതം- 11,70,000/-<br>ഗുണഭോക്തൃ വിഹിതം- 80,000/- |
| ചെലവ്: | ആകെ- 11,35,415/-<br>1.ചെക്ക് നം- 166818,819,820,822/ Dated 11.11.2020 / Amount- 10,95,415/-<br>2.Voucher No. 2020212105B000128618/ Dated 04.12.2020/Amount- 40,000/- |
| കരാർനം. | 14/19-20/AEE/LSGD/SKPM/30.09.2019 |

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന 4 സർക്കാർ സ്കൂളിൽ ടോയ് ലറ്റ് ബ്ലോക്കുകൾ സ്ഥാപിക്കുന്നതിനാണ് ടി പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പാലിച്ച് പ്രവൃത്തികൾ ആരംഭിച്ചിരുന്നു. എന്നാൽ പണി ആരംഭിച്ചപ്പോൾ ജി.യു.പി സ്കൂൾ കടമ്പഴിപ്പുറത്ത് സ്ഥല സൗകര്യമില്ലാത്തതിനാലും ജി.എൽ.പി സ്കൂൾ പുല്ലുവായിൽകുന്ന് എന്ന സ്കൂളിൽ ഗ്രാമ പഞ്ചായത്ത് ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനാലും ഈ രണ്ട് സ്കൂളുകളിലും ശുചിമുറി നിർമ്മിക്കാൻ കഴിയാതെ വരുകയും ആ തുക ഉപയോഗിച്ച് പുലാപ്പറ്റ സ്കൂളിൽ 4 ബ്ലോക്കിനു പകരം 6 എണ്ണം നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ പുലാപ്പറ്റ സ്കൂളിൽ ടോയ്‌ലെറ്റിന് ഫൗണ്ടേഷൻ എടുത്തപ്പോൾ മണ്ണിന് ബലം കുറവായതിനാൽ പിന്ത് ബെൽറ്റ് നിർമ്മിക്കേണ്ടി വന്നതിനാലും അടങ്കൽ തുകയിൽ വ്യത്യാസമില്ലാതെ പ്രോജക്റ്റ് റിവൈസ് ചെയ്യുകയുണ്ടായി. ഭരണ സമിതിയുടെ 23.04.2020 ലെ

IX (3) നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് പ്രോജക്റ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.
പ്രോജക്റ്റ് റിവൈസ് ചെയ്തതിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഇവയാണ്.
1. ആദ്യത്തെ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന വാട്ടർ ടാങ്ക് , ലീച്ച് പിറ്റ് എന്നിവ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്ന് ഒഴിവാക്കി
2. പുലാപറ്റ സ്കൂളിൽ 4 ടോയ് ലറ്റ് ബ്ലോക്കിന് പകരം 6 ടോയ്ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കാൻ തീരുമാനിച്ചു
3. പുലാപറ്റ സ്കൂളിൽ 3 ഇൻഡ്യൻ ക്ലോസറ്റുകൾ അധികമായി ഉൾപ്പെടുത്തി
ടി പദ്ധതി നിർവഹണത്തിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1. ജി. യു. പി സ്കൂൾ കടമ്പഴിപുറം, ജി.എൽ.പി സ്കൂൾ പുല്ലുവായിൽ കുന്ന് എന്നീ രണ്ട് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയത് ടി പദ്ധതി യഥാർത്ഥത്തിൽ ആവശ്യമായിരുന്നോ എന്നും സ്ഥലസൗകര്യം, ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സമ്മതം എന്നിവ ലഭ്യമാക്കാതെയും പദ്ധതി തയ്യാറാക്കിയതിൽമൂലമാണ്. പദ്ധതിയുടെ യഥാർത്ഥ ആവശ്യകത ഉറപ്പാക്കാതെയാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് വിലയിരുത്തുന്നു.

2.സർക്കാർ ഉത്തരവ് നം. 11/2018/LSGD/29.01.2018 ഖണ്ഡിക 3.5 പ്രകാരം ഒരു നിർമ്മാണ പ്രവർത്തിക്ക് പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗയോഗ്യമാക്കുവാൻ വേണ്ട ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തേണ്ടതാണ്. ടോയ്ലെറ്റ് ബ്ലോക്ക് ഉപയോഗയോഗ്യമാക്കുന്നതിന് അനിവാര്യമായ വെള്ളം, ലീച്ച് പിറ്റ് എന്നിവ ആദ്യത്തെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇവ ഉൾപ്പെടുത്തിയിരുന്നില്ല. പദ്ധതിയിൽ ഉൾപ്പെടുത്താത്തതിൻ മൂലം ടി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നില്ല. സ്കൂൾ അധികൃതരുടെ അഭിപ്രായപ്രകാരമാണ് ഇവ ഒഴിവാക്കിയത് എന്ന് റിവൈസ്ഡ് എസ്റ്റിമേറ്റിൽ അസി.എക്സി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.
3. എൽ.പി സ്കൂളുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതാണ്. ടി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്റ്റുകൾ ഗ്രാമ പഞ്ചായത്തിന്റെ സമ്മതത്തോടെ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. എന്നാൽ ഇത്തരം സമ്മതപത്രം ലഭ്യമാക്കിയിട്ടില്ല.

4. സർക്കാർ ഹൈസ്കൂളിനോട്/ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ.പി. യുപി സ്കൂളുകളിലെ പശ്ചാത്തല വികസന പോജക്റ്റുകൾ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. എന്നാൽ ഇത്തരം സമ്മതപത്രം ലഭ്യമാക്കാതെയാണ് പോജക്റ്റ് നടപ്പിലാക്കിയിരിക്കുന്നത്.

5. സർക്കാർ ഉത്തരവ് നം. 11/11,35,4152018/LSGD/29.01.2018 ഖണ്ഡിക 3.5.6 (പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിൽ നിയന്ത്രണം) പ്രകാരം അടങ്കൽ പ്രവർത്തിയുടെ പരിധി പാലിക്കുന്നതിനായി വ്യത്യസ്ത പ്രദേശങ്ങളിൽ നടത്തുന്ന പ്രവർത്തികൾ ഒരു പ്രോജക്റ്റായി തയ്യാറാക്കുന്ന രീതി അനുവദനീയമല്ല. ഈ നിർദേശങ്ങൾ ലംഘിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/25.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 11,35,415 രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

1-23 25000 രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും GeM മുഖേന ആയിരിക്കേണ്ടതാണ്

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലേക്ക് ഫർണിച്ചറുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സുപ്രീം ഏജൻസീസ്, തിരുവില്വാമല എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. , | SO 196/201-എൽ.എസ്.ജി.ഡി |

| | |
|---|---|
| പേര് | ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ ,ഫണ്ടിനം | 60,000- വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 60,000/- |
| ബിൽ വിവരങ്ങൾ | 70/2020-21 Dated 28.09.2020, Rs. 60,000/- |
| തുക നൽകപ്പെട്ട സ്ഥാപനം | സുപ്രീം ഏജൻസീസ്, തിരുവില്വാമല<br>ഇൻവോയ്സ് നമ്പർ- 254/17.09.2020, 249/16.09.2020 |
| വാങ്ങിയ സാധനങ്ങൾ | 1. Revolving Chair HighBack(WW-507 Black) – 4*7766= 31064/-<br>2. Revolving Chair HighBack(EML-49 Black) – 1*6380= 6380/-<br>3.Revolving Chair HighBack(EDL-18 Brown) – 1*12836= 12836/-<br>4.Visitor Chair (WW-584-Maroon,Blue Back) – 5*1944= 9720/- |

G.O(P)No.7/19/SPD Dated 26-4-2019 പ്രകാരം 25000 രൂപക്ക് മുകളിലുള്ള എല്ലാ സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/25.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-24 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി, എ.പി. എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീക രിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | പിഴ കൂടാതെ എഗ്രി മെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രി മെന്റ് തീയതി, കരാറുകാരൻ | ഈടാക്കേ ണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കി യത് | ഈടാക്കേ വാൻ ബാക്കി |
|---|---|---|---|---|---|---|---|---|
| 1 | SO 141/21 പെരുമണ്ണിൽ റോഡ് കോൺക്രീറ്റിംഗ്, കാരാകുറിശ്ശി 3,70,631/- ബിൽ നം. 29/ 20-21 Dated 07.05.2020 417675/- | 02.12.2019 (ഭരണസമിതി തീരുമാനം നം- 26(1) ) | D/ET -03/18 Dated 03.12.2019 | 17.12.2019 | 42/19-20 /AEE/LSGD /SKPM/01.01.2020 അജിത്ത് പ്രസാദ് | 3706/- | - | 3706/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/25.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 3706/- ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-25 വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് | S0010/20-21 , ഗോശ്രീ- വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി |
| അടങ്കൽ | 84,00,000/-<br>വികസന ഫണ്ട്- 19,25,000/-<br>ബാങ്ക് വായ്പ- 64,75,000/- |
| ചെലവ് | 16,50,000/- |
| നിർവഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ബിൽ നമ്പർ | 1. 42/20-21 Dated 26.03.2021,<br>2.43/20-21 മുതൽ 46/20-21 വരെ Dated 30.03.2021 |

വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതിക്കായി 10 പേർ വീതമുള്ള താഴെ പറയുന്ന ഗ്രൂപ്പുകൾക്ക് 2,75,000/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്.

1. കാമധേനു ജെ.എൽ.ജി
2. അമൃതം ജെ.എൽ.ജി
3. ഗോകുലം ജെ.എൽ.ജി
4. പ്രിയദർശിനി ജെ.എൽ.ജി
5. ദ്വാരക ജെ.എൽ.ജി
6. സുരക്ഷ ജെ.എൽ.ജി

7.പാലാഴി

തൊഴുത്ത് നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിലായിട്ടാണ് നിർവഹിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1.വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം - ഇത്തരം പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതല്ല.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം കറവപ്പശു വിതരണം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളൂ. മാർഗരേഖ ഉപഖണ്ഡിക 2.2, 2.3 പ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത പ്രൊജക്ടുകൾക്ക് ധനസഹായം ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

2.സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയിരിക്കുന്നു

സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2. കുറിപ്പ് 7 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിരിക്കുന്നത്.

3.പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല .

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സസിഡി മാർഗ്ഗരേഖ(സ.ഉ(എം.എസ്) 80/17/ത സ്വ ഭ വ, തിയ്യതി 3.4.17) ഖണ്ഡിക 8.2 പ്രകാരം വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അധ്യക്ഷനായി വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേർ അംഗങ്ങളും ആയിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ഈ സമിതിക്ക് മൃഗങ്ങളെ നേരിട്ട് വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊക്യൂർമെൻറ് കമ്മിറ്റിയിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യുകയൊ അംഗീകാരം ലഭ്യമാക്കുകയൊ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/19.01.22) ജില്ലാതല അപ്പലേറ്റ് അതോറിറ്റിയിൽ നിന്നും ടി പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 16,50,000/- രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഖണ്ഡിക 3-3 ൽ പരാമർശിച്ചിട്ടുണ്ട്.

1-26 പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക നൽകിയത്

| | |
|---|---|
| പ്രോജക്ട് | S00147/20-21 , ഗോശ്രീ- വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി (Spillover Project) |
| അടങ്കൽ | 56,00,000/-<br>20,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം)<br>36,00,000/- (ബാങ്ക് വിഹിതം) |
| ചെലവ് | 20,00,000/- |
| നിർവഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ബിൽ നമ്പർ | 2/15.04.2020 -2,00,000/-<br>3/15.04.2020- 2,00,000/-<br>4/15.04.2020- 2,00,000/-<br>5/15.04.2020- 2,00,000/- |

| | |
|---|---|
| | 6/15.04.2020 -1,66,700/-<br>7/15.04.2020 - 1,66,660/-<br>8/15.04.2020 - 1,66,660/-<br>9/15.04.2020- 1,66,660/-<br>10/15.04.2020- 1,49,569/-<br>11/15.04.2020 - 1,49,560/-<br>12/2020-21 Dated 06.05.2020- 2,34,191/- |

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം തീറ്റയുടെ ചെലവ്, കടത്ത് കൂലി, ഇൻഷുറൻസ് തുക എന്നിവ പ്രോജക്ടിന്റെ ഭാഗമാകുവാൻ പാടുള്ളതല്ല. എന്നാൽ മേൽ പ്രോജക്ട് നടപ്പിലാക്കിയതിൽ ഇൻഷുറൻസിനായി ചെലവഴിച്ച തുക, തീറ്റയുടെ ചെലവ് എന്നിവ പ്രോജക്ടിന്റെ ഭാഗമാക്കിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | ഇൻഷുറൻസിനായി അനുവദിച്ച തുക | കാലിത്തീറ്റയ്ക്കായി അനുവദിച്ച തുക | ആകെ അനുവദിച്ച തുക | ബിൽനം./ തിയതി/ ബിൽ തുക |
|---|---|---|---|---|---|
| 1 | അമൃത വർഷിണി | 30,000 | 3,300 | 33,300 | 12/2020-21 06.05.2020 2,34,191/- |
| 2 | ഗായത്രി | 26,000 | 7,340 | 33,340 | - |
| 3 | കാമധേനു | 26,000 | 7,340 | 33,340 | - |
| 4 | ഗോമതി | 26,000 | 7,340 | 33,340 | - |
| 5 | ഗോകുലം | 45,000 | 5,431 | 50,431 | - |
| 6 | ഗോവർദ്ധിനി | 30,000 | 20,440 | 50,440 | - |
| | ആകെ | 1,83,000 | 51,191 | 2,34,191/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/19.01.2022) മറുപടിയായി ഒരു പശുവിന് 20,000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത് എന്നും ഇത് അനുവദനീയമായ തുകയിൽനിന്നും വളരെ കുറവാണ് എന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ഒരു പശുവിന് നൽകാവുന്ന പരമാവധി സബ്സിഡി തുക 27,500/- രൂപയോ അല്ലെങ്കിൽ പശുവിന്റെ വിലയുടെ 50 ശതമാനമോ ഏതാണ് കുറവായി വരുന്നത് അതാണ് അനുവദിക്കേണ്ടത്. ക്ഷീരകർഷകർക്ക് പരമാവധി ആനുകൂല്യം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതല്ല. (ഖണ്ഡിക 1-25 ഇതോടൊപ്പം ചേർത്ത് വായിക്കുക.) മാർഗരേഖയിലെ നിർദേശാനുസരണം പദ്ധതി നിർവഹണം നടത്തേണ്ടതാണ്.

## 1-27 ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച്

താഴെ പറയുന്ന പ്രവൃത്തിയുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതി | ചെലവ് |
|---|---|---|---|
| 1 | 110/20-21 | തിരുവാഴിയോട് കനാൽ ലക്ഷം വീട് കോളനി റോഡ് | 130199/- |
| 2 | 112/20-21 | ആട്ടതലപ്പറ കോളനിറോഡ് | 36516/- |
| 3 | 121/20-21 | മുണ്ടൊള്ളി കോണിക്കഴി പി.ഐ.പി കനാൽ റോഡ് | 38312/- |
| 4 | 203/20-21 | ഘടകസ്ഥാപനകാര്യാലയത്തിന് മുന്നിൽ പാർക്കിങ്ങ് സൗകര്യം | 208282/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/25.01.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 4,13,309/-രൂ. തടസ്സത്തിൽ

വെയ്ക്കുന്നു.

1-28 പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ അസി.എക്സി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. ഇതിൻ പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു. തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും: | SO-57/21-കോളശ്ശേരി-പള്ളിയപ്പത്ത് റോഡ് ഫോർമേഷൻ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് |
| അടങ്കൽ: | 5,00,000/-<br>വികസനഫണ്ട്(ജനറൽ )- 3,75,000/-<br>തനത് ഫണ്ട്- 1,25,000/- |
| ചെലവ്: | ബിൽ നം -107/2020-21 Dated 17.03.21/4,29,723/-രൂ. |
| കരാർ നം. | 16/2020-21/AEE/LSGD /SKPM/03.07.2020 |
| (PAC):<br>കരാറുകാരൻ:<br>സ്ഥലം കൈമാറിയ തീയ്യതി. | 4,46,142 ,<br>അബ്ദുൾ ജലീൽ<br>07.07.2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:<br>പൂർത്തീകരിച്ച തീയ്യതി | 06 Months 06.01.2021 (സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)<br>10.03.2021. അളവു പുസ്തകം: 38/2020-21 |

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെയും യാതൊരു അപേക്ഷയും സമർപ്പിക്കാതെയും പ്രവൃത്തി തുടർന്നിരിക്കുന്നു. ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലാവധി നീട്ടൽ (പൂർത്തീകരണ കാലാവധിയുടെ 25%): 4461/- (PACയുടെ 1%)

രണ്ടാമത്തെ കാലാവധി നീട്ടൽ (പൂർത്തീകരണ കാലാവധിയുടെ പരമാവധി 25%): 8923/- (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 13,384/-

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 13,384/-

2.

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും: | SO -138/21ശുചിത്വമിത്ര സർക്കാർ വിദ്യാലയങ്ങളിൽ ശുചിമുറി നിർമ്മാണം |
| അടങ്കൽ: | 12,50,000/-<br>കേന്ദ്രാവിഷ്കൃതം- 11,70,000/-<br>ഗുണഭോക്തൃ വിഹിതം- 80000/- |
| ചെലവ്: | 11,35,415/- |
| കരാർ നം. | 14/19-20/AEE/LSGD /SKPM/30.09.2019 |
| (PAC):<br>കരാറുകാരൻ:<br>സ്ഥലം കൈമാറിയ തീയ്യതി.<br>കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:<br>പൂർത്തീകരിച്ച തീയ്യതി: | 11,60,889/-<br>അബ്ദുൾ ജലീൽ<br>30.09.2019<br>06 Months 30.03.2020 (സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം)<br>21.07.2020 |

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലാവധി നീട്ടൽ (പൂർത്തീകരണ കാലാവധിയുടെ 25%): 11608/- (PACയുടെ 1%)

രണ്ടാമത്തെ കാലാവധി നീട്ടൽ (പൂർത്തീകരണ കാലാവധിയുടെ പരമാവധി 25%): 23216/- (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 34824/-

ഈടാക്കിയത്: -0

ഈടാക്കിയതിൽ കുറവ്: 34824/-

ആകെ ഈടാക്കേണ്ട പിഴ- 13,384 + 34824= 48208/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/25.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ കുറവ് സംഭവിച്ച തുക ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-29 മൂന്ന് പ്രോജക്ടുകളിലൂടെ നിർവ്വഹണം നടത്തിയ ബഹുവർഷ പദ്ധതി നിഷ്ഫലമായി തുടരുന്നു.

മൂന്ന് പ്രോജക്ടുകളിലൂടെ മുൻവർഷങ്ങളിലും തൻവർഷവും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ , കരിമ്പുഴ എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്-1

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 109/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ, കരിമ്പുഴ |
| അടങ്കൽ | 1964447 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 1961333<br>ബിൽ നം . 41/18-19, 12-3-2019, Rs.1145679<br>ബിൽ നം. 22/19- 6-9-2019, Rs. 289640,<br>ബിൽ നം. 74/19- 11-3-2020, Rs. 526014 |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/18-19 |
| എഗ്രിമെന്റ് വിവരങ്ങൾ | No. 24/18-19/AEE/LSGD/ SKPM , Dtd. 29-8-2018 |

പ്രോജക്ട്-2

| | |
|---|---|
| പ്രോജക്ട് നം. , പേര് | SO 25/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം, കരിമ്പുഴ |
| അടങ്കൽ | 500000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 498982<br>ബിൽ നം . 12/ 23-4-2020, Rs.. 453902<br>ബിൽ നം. 53/27-8-2020, Rs. 45080, |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/18-19 |
| എഗ്രിമെന്റ് | No. 10/19-20/AEE/LSGD/ SKPM , Dtd. |

| | |
|---|---|
| വിവരങ്ങൾ | 27-9-2019 |

പ്രോജക്റ്റ്-3

| | |
|---|---|
| പ്രോജക്റ്റ് നം. , പേര് | SO 185/20- പുളിക്കാഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം, (ഇലക്ട്രിഫിക്കേഷൻ) കരിമ്പുഴ |
| അടങ്കൽ | 75000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് , ബിൽ വിവരങ്ങൾ | ചെലവ്- 56085<br>ബിൽ നം . 112/ 30-3-2021, Rs.. 56085 |
| കരാറുകാരൻ | ഷിഹാബുദ്ദീൻ .പി.പി. |
| എം. ബുക്ക് നം. | 41/20-21 |
| എഗ്രിമെന്റ് വിവരങ്ങൾ | No. 35/20-21AEE/LSGD/ SKPM , Dtd. 14-9-2020 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കരിമ്പുഴ നദിയിലെ ജല ലഭ്യതയുള്ള ഒരു ഭാഗത്ത് നിന്നും വെള്ളം പമ്പ് ചെയ്ത് ഏകദേശം ഒരു കിലോമീറ്റർ അകലെയുള്ള ചോലക്കുറുശ്ശി പഞ്ചായത്ത് കുളത്തിലേക്ക് വെള്ളം എത്തിച്ച് അവിടെ നിന്ന് ചാലുകളിലൂടെ കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനാണ് പ്രോജക്റ്റ് ഉദ്ദേശിക്കുന്നത്. 2018-19വർഷത്തിൽ രൂപീകരിച്ച് 2020-21വരെ പല വർഷങ്ങളിലായി മൂന്ന് പ്രോജക്ടുകളിലൂടെ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും നിലവിൽ പുഴയിൽ നിന്ന് ടി കുളത്തിലേക്ക് വെള്ളം പമ്പ് ചെയ്യാൻ സാധിക്കുന്നില്ല. 22-1-2022 ൽ നടത്തിയ സ്ഥലപരിശോധയിൽ ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതി കർഷകർക്ക് യാതൊരു വിധത്തിലും പ്രയോജനപ്പെട്ടിട്ടില്ല.

2) കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ആകെ 750ഏക്കർ പാടശേഖരത്തിലേക്ക് രണ്ടാം വിള ഇറക്കുന്നതിനുള്ള ജലസേചനം ഇതിലൂടെ സാധ്യമാകും എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 22-1-2022 ൽ നടത്തിയ സ്ഥലപരിശോധനയിൽ ടി കുളത്തിന്റെ സമീപത്തെല്ലാം കവുങ്ങ് കൃഷി മാത്രമാണ് കാണുന്നത്. ആയതിനാൽ കാര്യമായി നെൽകൃഷിയൊന്നും ഇല്ലാത്ത ഭാഗത്താണ് ഈ പദ്ധതി നിർവ്വഹിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ആയതിനാൽ കൃത്യമായ സ്ഥലപരിശോധന നടത്താതെയും രേഖകളിലുള്ള വിവരങ്ങളെ മാത്രം അടിസ്ഥാനമാക്കി പദ്ധതി രൂപരേഖ തയ്യാറാക്കിയതായി കാണുന്നു. കൂടാതെ ഇതുവരെ ടി കൃഷി സ്ഥലങ്ങളിലേക്ക് ഈ പദ്ധതിയിലൂടെ ഒരു തുള്ളി വെള്ളം പോലും എത്താത്തതിനാൽ ഒരു കൃഷിക്കും പ്രയോജനം ലഭിച്ചിട്ടില്ല എന്നും വ്യക്തമാവുന്നു.

3) കുളത്തിൽ നിന്നും കൃഷി സ്ഥലങ്ങളിലേക്ക് പോകുന്ന ചാലുകൾ വളരെ ഉയർന്നാണ് നിൽക്കുന്നത് . ഇതിലൂടെ സുഗമമായി ജലനിർഗമനം സാധ്യമാകുന്ന വിധത്തിലല്ല ചാലുകൾ നിർമിച്ചിട്ടുള്ളത്. ആയതിനാൽ കുളം നിറയുന്ന അവസ്ഥയിൽ മാത്രമേ കൃഷി സ്ഥലങ്ങളിലേക്ക് വെള്ളം എത്തുകയുള്ളൂ. അതായത് എപ്പോഴും വെള്ളം പമ്പ്ചെയ്ത് കുളത്തിന്റെ മുകൾപരപ്പുവരെ വെള്ളം നിലനിർത്തിയാൽ മാത്രമേ പദ്ധതി കൊണ്ട് പ്രോയോജനം ലഭിക്കുകയുള്ളൂ. ഇതിനായി വളരെയധികം ചെലവുകൾ (കറണ്ട് ചാർജ്, അനുബന്ധ ചെലവുകൾ) വരാൻ സാധ്യതയുള്ള വിധത്തിലാണ് ടി ഭൂപ്രദേശത്തിന്റെ കിടപ്പ് . ഇതൊന്നും പരിഗണിക്കാതെയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സമഗ്രമായ യാതൊരു സ്ഥലപരിശോധനകളും നടത്താതെ വളരെ അശാസ്ത്രീയമായ രീതിയിൽ പദ്ധതി വിഭാവനം ചെയ്യുകയും മൂന്ന് വർഷങ്ങളിലായി 2516400 രൂ. ചെലവ് ചെയ്യുകയും ചെയ്തിട്ട് കൃഷിക്കാർക്ക് യാതൊരു പ്രയോജനവും ഇല്ലാത്ത അവസ്ഥയിലാണ് പദ്ധതി ഇപ്പോൾ. ആയതിനാൽ അവശ്യമായ നടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതുവരെ തൻവർഷത്തെ ചെലവ് തുക 555067രൂ.

തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കൂളുകൾക്ക് ബാന്റ്സെറ്റ് വിതരണം - ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരാത്ത പ്രൊജക്ട് ഏറ്റെടുത്തതു-തുക നിരാകരിക്കുന്നു.

നമ്മ അറ്റ് സ്കൂൾ-സ്കൂളുകൾക്ക് ബാന്റ്സെറ്റ് വിതരണം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയ്യതി | തുക |
|---|---|---|---|---|---|
| 155 | നമ്മ അറ്റ് സ്കൂൾ-സ്കൂളുകൾക്ക് ബാന്റ്സെറ്റ് വിതരണം | 841428 (Plan Gen-833042, B.C-8386) | 833042+ 166614(B.C) | 1/17.4.20 | 119006 |
| | | | | 2/17.4.20 | 119006 |
| | | | | 3/17.4.20 | 119006 |
| | | | | 4/17.4.20 | 119006 |
| | | | | 5/17.4.20 | 119006 |
| | | | | 6/17.4.20 | 119006 |
| | | | | 7/17.4.20 | 119006 |
| | | | | Total | 833042 |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 സ്കൂളുകൾക്ക് ബാന്റ് സെറ്റ് വിതരണം നടത്തുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. ഇതിലൂടെ വിവിധ സർക്കാർ/എയ്ഡഡ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് ബാന്റ് വാദ്യത്തിൽ പരിശീലനം നേടാനും മത്സരങ്ങളിലും ബ്ലോക്കിലേയും സ്കൂളുകളിലേയും വിവിധ ചടങ്ങുകളിൽ ബാന്റ് വാദ്യം അവതരിപ്പിക്കാനും കഴിയും എന്നതാണ് പ്രൊജക്ട് വിഭാവനം ചെയ്തത്.

1)പ്രസ്തുത പ്രൊജക്ടിന് ഇ-ടെണ്ടർ വിളിക്കുകയും കുറഞ്ഞ തുക (999656) ക്വാട്ട് ചെയ്ത PREMSON Musical Instruments ,Bangalore എന്ന സ്ഥാപനത്തിന് തുക നൽകുകയും ചെയ്തു.

പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയും താഴെ പറയുന്ന 7 സ്കൂളുകളിലേക്ക് വിതരണം ചെയ്തിട്ടുമുണ്ട്.

| Sl No | സ്കൂളിന്റെ പേര് |
|---|---|
| 1 | KAUP School Elambulassery |
| 2 | S.V.A.U.P School<br>Kulikkiliyad |
| 3 | Sabari PTBS HS<br>Adakkaputhur |
| 4 | Sabari HS Pallikurup |

| | |
|---|---|
| 5 | HS Katampazhipuram |
| 6 | Govt U.P School Kadampazhipuram |
| 7 | Sreekrishnapuram HSS<br>Sreekrishnapuram |

പ്രസ്തുത പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

1) ഗുണഭോക്തൃ തുകയായി കാണിച്ചിരിക്കുന്ന 166614 രൂപ പിരിച്ചതിന്റെയും അടവാക്കിയതിന്റെയും വിവരങ്ങൾ.

2) PREMSON Musical Instruments ,Bangalore എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച ഭരണസമിതിയുടേയും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും തീരുമാനം

3)PREMSON Musical Instruments ,Bangalore എന്ന സ്ഥാപനവുമായി അഗ്രിമെന്റ് വച്ചതിന്റെ രേഖ.

1994ലെ കേരള പഞ്ചായത്ത്രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, സ.ഉ.(കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 -ഖണ്ഡിക 7.6 എന്നിവ പ്രകാരം സ്കൂളുകൾക്ക് ബാന്റ് സെറ്റ് വിതരണം നടത്തുക എന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നില്ല. ഇത്തരം പ്രൊജക്ട് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് അന്വേഷണം (13/24.01.22) നൽകിയെങ്കിലും മറുപടിയൊന്നും നൽകിയില്ല. പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 833042 രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 സബ്സിഡി മാർഗരേഖയിൽ ഇല്ലാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചിരിക്കുന്നു-

നാദം-കോട്ടപ്പുറം ഹെലൻ കെല്ലർ ശതാബ്ദി സ്മാരക മാതൃക അന്ധ വിദ്യാലയത്തിന് ബാന്റ്സെറ്റ് വാങ്ങൽ എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയ്യതി | തുക |
|---|---|---|---|---|
| 76 | 150000 (Plan Gen) | 150000 | 73/30.01.21 | 138390 |
| | | | 82/29.3.21 | 11610 |
| | | | Total | 150000 |

പ്രസ്തുത പ്രൊജക്ടിന് ടെണ്ടർ വിളിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സരസ്വതി മ്യൂസിക്കൽസ് & സ്പോർട്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ വാദ്യോപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത്രാജ് നിയമം 4-ാം പട്ടിക മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, സ.ഉ.(കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.01.2018 -ഖണ്ഡിക 7.6 എന്നിവ പ്രകാരം സ്കൂളുകൾക്ക് ബാന്റ് സെറ്റ് വിതരണം നടത്തുക എന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ വരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (13/24.01.22) നൽകിയെങ്കിലും മറുപടിയൊന്നും നൽകിയില്ല. പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 150000 രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-3 വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് | S0010/20-21 , ഗോശ്രീ- വനിതാഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി |
| അടങ്കൽ | 84,00,000/-<br>വികസന ഫണ്ട്- 19,25,000/-<br>ബാങ്ക് വായ്പ- 64,75,000/- |
| ചെലവ് | 16,50,000/- |
| നിർവഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ബിൽ നമ്പർ | 1. 42/20-21 Dated 26.03.2021,<br>2.43/20-21 മുതൽ 46/20-21 വരെ Dated 30.03.2021 |

വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കൾക്കും തൊഴുത്തിനും സബ്സിഡി എന്ന പദ്ധതിക്കായി 10 പേർ വീതമുള്ള താഴെ പറയുന്ന ഗ്രൂപ്പുകൾക്ക് 2,75,000/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്.

1. കാമധേനു ജെ.എൽ.ജി

2. അമൃതം ജെ.എൽ.ജി

3. ഗോകുലം ജെ.എൽ.ജി

4. പ്രിയദർശിനി ജെ.എൽ.ജി

5. ദ്വാരക ജെ.എൽ.ജി

6. സുരക്ഷ ജെ.എൽ.ജി

7.പാലാഴി

തൊഴുത്ത് നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിലായിട്ടാണ് നിർവഹിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1.വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം - ഇത്തരം പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതല്ല.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2.1 പ്രകാരം കറവപ്പശു വിതരണം പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ഏറ്റെടുക്കാൻ അനുമതിയുള്ളൂ. മാർഗരേഖ ഉപഖണ്ഡിക 2.2, 2.3 പ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത പ്രൊജക്ടുകൾക്ക് ധനസഹായം ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

2.സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയിരിക്കുന്നു

സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.2. കുറിപ്പ് 7 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. എന്നാൽ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിരിക്കുന്നത്.

3.പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല .

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സസിഡി മാർഗ്ഗരേഖ(സ.ഉ(എം.എസ്) 80/17/ത സ്വ ഭ വ, തിയ്യതി 3.4.17) ഖണ്ഡിക 8.2 പ്രകാരം വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അധ്യക്ഷനായി വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേർ അംഗങ്ങളും ആയിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ഈ സമിതിക്ക് മൃഗങ്ങളെ നേരിട്ട് വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊക്യൂർമെൻറ് കമ്മിറ്റിയിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യുകയൊ അംഗീകാരം ലഭ്യമാക്കുകയൊ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/19.01.22) ജില്ലാതല അപ്പലേറ്റ് അതോറിറ്റിയിൽ നിന്നും ടി പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 16,50,000/- രൂപ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരങ്ങൾ

അനുബന്ധം 1ആയി റിപ്പോർട്ടിന്റെ ഒപ്പം ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2019-20 | 4189 | 3429484 | ഐ.എ.വൈ | 1070736 | 2362937 |
| | | 8000 | 0 | ലൈഫ് പദ്ധതി | 0 | 8000 |
| | | 0 | 500000 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 0 | 500000 |
| | | 0 | 2179429 | കുടിവെള്ളപദ്ധതികൾ | 292000 | 1887429 |
| | 2020-21 | 0 | 790000 | ഗ്രാമ ന്യായ കാര്യാലയം പൂർത്തീകരണം | 590000 | 200000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തെളിനീർ കരിമ്പുഴ പഞ്ചായത്തിലെ ആറ്റാശ്ശേരി പാടേരിക്കളം കോളനി വി പി കോളനിയിലേക്ക് കുടിവെള്ളപദ്ധതി | BillNo. 46/13.8.20 | 500000/- | 0 | 500000/- |
| | തെളിനീർ കരിമ്പുഴ പഞ്ചായത്തിലെ പൊമ്പ്ര ആനോട് കോളനികളിലേക്ക് കുടിവെള്ള പദ്ധതി | BillNo. 50/25.8.20 | 400000 | 0 | 400000 |

| | | | | |
|---|---|---|---|---|
| തെളിനീർ കരിമ്പുഴ പഞ്ചായത്തിലെ വാക്കടപ്പുറം വൈലാനി കോളനികളിലേക്ക് കുടിവെള്ള പദ്ധതി | BillNo. 31/17.7.20 | 450000 | 0 | 450000 |
| തെളിനീർ കാരാകുർശ്ശി പഞ്ചായത്തിലെ ഷാപ്പിൻകുന്ന് നാലുസെന്റ് കോളനി കുടിവെള്ള പദ്ധതി | BillNo. 47/13.8.20 | 500000 | 0 | 500000 |
| തെളിനീർ കാരാകുർശ്ശി പഞ്ചായത്തിലെ കണ്ടുകണ്ടം ചങ്കൂണി പള്ളിയാൽ പള്ളിക്കരുപ്പ് പാറോപ്പാടം കോളനികളിലേക്ക് കുടിവെള്ള പദ്ധതി | BillNo. 36/17.7.20 | 500000 | 0 | 500000 |
| തെളിനീർ കടമ്പഴിപ്പുറം പഞ്ചായത്തിലെ നീലാലപറക്കുന്നത്ത് കോളനി ഉമ്മനഴി വയനിപ്പാടം കോളനിയിലേക്ക് കുടിവെള്ള പദ്ധതി | BillNo. 32/17.7.20 | 500000 | 0 | 500000 |
| തെളിനീർ ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ കയ്യത്തൊടി മമ്പള്ളിക്കളംപടി ചെരുങ്ങോട കോളനികളിലേക്ക് കുടിവെള്ള പദ്ധതി | BillNo. 37/17.7.20 | 500000 | 0 | 500000 |
| തെളിനീർ ശ്രീകൃഷ്ണപുരം പഞ്ചായത്തിലെ മൂക്കിരിക്കാട് വലംമ്പിലിമംഗലം ചെലക്കാട് കോളനികളിലേക്ക് കുടിവെള്ള പദ്ധതി | BillNo. 38/17.7.20 | 500000 | 0 | 500000 |
| തെളിനീർ പൂക്കോട്ടുക്കാവ് പഞ്ചായത്തിലെ പുല്ലാനിക്കാട് വെണ്മരപ്പറമ്പ് കോളനിയിലേക്ക് കുടിവെള്ള പദ്ധതി | BillNo. 48/13.8.20 | 500000 | 0 | 500000 |
| തെളിനീർ പൂക്കോട്ടുക്കാവ് പഞ്ചായത്തിലെ | BillNo. 39/17.7.20 | 400000 | 0 | 400000 |

| | | | | |
|---|---|---|---|---|
| മുന്നൂർക്കോട് വട്ടപറമ്പ് പൂതഞ്ചേരി കോളനികളിലേക്ക് കുടിവെള്ള പദ്ധതി | | | | |
| തെളിനീർ വെള്ളിനേഴി പഞ്ചായത്തിലെ മള്ളിയൂർ മന കോളനിയിലേക്ക് കുടിവെള്ള പദ്ധതി | BillNo. 34/17.7.20 | 200000 | 0 | 200000 |
| തെളിനീർ വെള്ളിനേഴി പഞ്ചായത്തിലെ EMS നഗർ കരിങ്കര കോളനിയിലേക്ക് കുടിവെള്ള പദ്ധതി | BillNo. 35/17.7.20 | 500000 | 0 | 500000 |
| കാരാകുർശ്ശി പഞ്ചായത്തിലെ വേർക്കാട് കോളനി ആലുപുരം കോളനികളിലേക്ക് KWA യിലെ മെയിൻ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പട്ടികജാതി ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകല്ല | BillNo. 16/26.5.20 | 890000 | 0 | 890000 |
| തെളിനീർ കരിമ്പുഴ പഞ്ചായത്തിലെ ഞെട്ടര കാവുണ്ട നെല്ലിക്കുന്ന് മണ്ടങ്ങ കുളങ്ങര എന്നീ കോളനികളിലേക്ക് കുടിവെള്ളപദ്ധതി | Bill No-15/26.5.20 | 1160000 | 0 | 1160000 |
| തെളിനീർ പട്ടികജാതി വീട്ടുകളിലേക്ക് കുടിവെള്ള പദ്ധതി കടമ്പഴിപ്പുറം പഞ്ചായത്തിലെ തിപ്പലി അംബേദ്ക്കർ മന്നാർക്കുണ്ട് വേളങ്ങോട് മേൽഭാഗം എന്നീ കോളനികളിലേക്ക് കുടിവെള്ള പദ്ധതി | Bill No-66/23.01.21 | 1374000 | 0 | 1374000 |
| തെളിനീർ കടമ്പഴിപ്പുറം പഞ്ചായത്തിലെ വേമ്പലംതൊടി കോളനിയിലേക്ക് കുടിവെള്ള പദ്ധതി | BillNo. 33/17.7.20 | 500000 | 0 | 500000 |
| തെളിനീർ വിവിധ പട്ടികജാതി കോളനികളിൽ | BillNo. 69/29.1.21 | 737000 | 0 | 737000 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ളം എത്തിക്കൽ | | | | |
| | NREGS മായി സംയോജിപ്പിച്ച കടുങ്ങൻചിറ അംഗൻ വാടി കെട്ടിട നിർമ്മാണം | Bill NO. 17/27.5.20 | 700000/- | 0 | 700000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നമില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നമില്ല.

4-6 സ്ഥിര നിക്ഷേപം

ഒന്നമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നമില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 12788135 |
| ഓഡിറ്റ് വർഷത്തെ വരവ് | 82515206 |
| ആകെ | 95303341 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 90167719 |
| നീക്കിയിരിപ്പ് | 5135622 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2696566 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3960595 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 833042 | കെ.വിനോദ് കുമാർ ,സെക്രട്ടറി |
| 3-2 | | 150000 | കെ.വിനോദ് കുമാർ ,സെക്രട്ടറി |
| 3-2 | | 11610 | ഹമീദ ജലീസ, സെക്രട്ടറി |
| 3-3 | | 16,50,000 | അശ്വതി.എം.ജി, ഡയറിഎക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 2644652 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1490474 | ശ്രീമതി. ശുഭ കെ നായർ, ശിശു വികസന പദ്ധതി ഓഫീസർ |
| 1-13 | 211630 | ശ്രീ.കെ. വിനോദ് കുമാർ , സെക്രട്ടറി |
| 1-15 | 90000 | ശുഭ കെ നായർ, ശിശു വികസന പദ്ധതി ഓഫീസർ |
| 1-17 | 64700 | ശ്രീ.കെ. വിനോദ് കുമാർ , സെക്രട്ടറി |
| 1-22 | 11,35,415 | ശ്രീ.കെ. കൃഷ്ണൻകുട്ടി , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-27 | 4,13,309 | ശ്രീ.കെ. കൃഷ്ണൻകുട്ടി , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-29 | 555067രൂ. | ശ്രീ.കെ. കൃഷ്ണൻകുട്ടി , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 3960595 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 3706 | ശ്രീ.കെ. കൃഷ്ണൻകുട്ടി , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-28 | 48208 | ശ്രീ.കെ. കൃഷ്ണൻകുട്ടി , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 51914 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.കെ. വിനോദ് കുമാർ , സെക്രട്ടറി | സെക്രട്ടറി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | അനഘം, പോളി ഗാർഡൻ റോഡ് ലക്കിടി, ഒറ്റപ്പാലം |
| ശ്രീമതി. ശുഭ കെ നായർ, ശിശു വികസന പദ്ധതി ഓഫീസർ | ശിശു വികസന പദ്ധതി ഓഫീസർ | എളേച്ചിൽ വീട് , കണയന്നൂർ ചോറ്റാനിക്കര |
| ഹമീദ ജലീസ, സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. | വെള്ളൂർക്കോവിൽ വീട്, പൂവ്വത്താണി, ആലിപ്പറമ്പ് പോസ്റ്റ്, മലപ്പുറം |
| ശ്രീ.കെ. കൃഷ്ണൻകുട്ടി , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | കുന്നത്താഴത്ത് വീട് , കൃഷ്ണഗീതം, ഷൊർണൂർ |
| അശ്വതി.എം.ജി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | കൈത്തല പുത്തൻവീട് , പേരൂർക്കട, തിരുവനന്തപുരം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | LF.P6/25/2000/16.10.2000 | പുനരഭിപ്രായം |
| 1999-00 | LF.P8/1662/08/17.4.2009 | പുനരഭിപ്രായം |
| 2000-01 | LF.P6/1137/2003/13.2.2004 /10.3.2004 | പുനരഭിപ്രായം |
| 2001-02 | LF.P8/1574/2008/6.3.2009 | കത്ത് |
| 2002-03 | LF.P6/942(1)/2004/7.12.2009 | പുനരഭിപ്രായം |
| 2003-04 | LF.P8/1663/08/3.4.2009 | പുനരഭിപ്രായം |
| 2004-05 | LF.P8/786/14/3.7.2014 | പുനരഭിപ്രായം |
| 2005-06 | LF.P8/778/14/11.8.2014 | പുനരഭിപ്രായം |
| 2006-07 | LF.P8/356/12/29.3.2012 | ശുദ്ധിപത്രം |
| 2007-08 | LF.P12/748/14/3.6.14 | പുനരഭിപ്രായം |
| 2008-09 | LF.P12/736/14/9.5.2014 | പുനരഭിപ്രായം |
| 2009-10 2010-11 | LF.P12/1212/14/10.7.2014 | പുനരഭിപ്രായം |
| 2011-12 | LF P8-1939/2014/13.01.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | L.F.P12/1932/14/8.12.2014 | പുനരഭിപ്രായം |

| | | |
|---|---|---|
| 2013-14 & 2014-15 | KSA PKD-12/951/2016 Dt.29.06-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA.PKD 12/2323/16 Dt. 29.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | KSA.PKD .12-1540/17 Dt.06-102017 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | KSA.PKD .8-1044/2019.dt.18.9.2019 | ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | KSA.PKD .8-1388/2020.dt.16.01.21 | ഓഡിറ്റ് റിപ്പോർട്ട് |
| 2019-20 | KSA.PKD8-321/2022 Dt 18.05.2022 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Sreekrishnapuram Block Panchayat<br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 2187035.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 92695155.00 |
| | Total Reserve & Surplus | | 94882190.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7384609.00 |
| | Total Grants, Contributions for Specific Purposes | | 7384609.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 680847.00 |
| 350000000 | Other Liabilities | B-9 | 226254.00 |
| | Total Current Liabilities and Provisions | | 907101.00 |
| | TOTAL LIABILITIES | | 103173900.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 109973572.00 |
| 411000000 | Accumulated Depreciation | B-11 | -23485462.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 86488110.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 4532437.00 |
| 450000000 | Cash and Bank Balance | B-17 | 5135622.00 |
| 460000000 | Loans, Advances and Deposits | B-18 | 7017731.00 |
| | Total Current Assets, Loans and Advances | | 16685790.00 |
| | Other Assets | | |

| | | |
|---|---|---|
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 103173900.00 |

| | | | |
|---|---|---|---|
| | Sreekrishnapuram Block Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 25716.00 |
| 140000000 | Fee & User Charges | I-4(b) | 16953.00 |
| 150000000 | Sale & Hire Charges | I-5(b) | 272574.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 81963128.00 |
| 171000000 | Interest Earned | I-8 | 33159.00 |
| 180000000 | Other Income | I-9 | 147768.00 |
| | Total Income | | 82459298.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2818219.00 |
| 220000000 | Administrative Expenses | I-11(b) | 632391.00 |
| 230000000 | Operations & Maintenance | I-12(b) | 369690.00 |
| 240000000 | Interest & Finance Charges | I-13 | 320940.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 11346622.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21230085.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 14442256.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 4327248.00 |
| 255000000 | Maintenance Projects | I-14(e) | 11819980.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 4255333.00 |
| | Total Expenditure | | 72062764.00 |
| | Gross Surplus/ Deficit of income over Expenditure | | 10396534.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | 39921.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10356613.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | Sreekrishnapuram Block Panchayat<br><br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12788135.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 3500.00 |
| 140000000 | Fees & User Charges | RP-4 | 16953.00 |
| 150000000 | Sale & Hire Charges | RP-5 | 272574.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70591637.00 |
| 171000000 | Interest Earned | RP-9 | 33159.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9800875.00 |
| 350000000 | Other Liabilities | RP-36 | 17887.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 147768.00 |
| 340000000 | Deposits Received | RP-34 | 334678.00 |
| 350000000 | Other Liabilities | RP-36 | 66252.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 22216.00 |
| 460000000 | Loans, Advances and Deposits | RP-47 | 1207707.00 |
| | Grand total | | 95303341.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2818219.00 |
| 220000000 | Administrative Expenses | RP-12 | 632391.00 |
| 230000000 | Operations & Maintenance | RP-13 | 369690.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10892720.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20632837.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4704031.00 |
| 253000000 | Decentralised Plan Programme- Projects not included in<br><br>Sector Division | RP-18 | 277248.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 11819980.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | 39921.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20000.00 |
| 350000000 | Other Liabilities | RP-36 | 7291.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 320940.00 |
| 340000000 | Deposits Received | RP-34 | 163435.00 |
| 350000000 | Other Liabilities | RP-36 | 70232.00 |
| 410000000 | Fixed Assets | RP-38 | 14571116.00 |
| 412000000 | Capital work in Progress | RP-40 | 16100339.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4532437.00 |
| 460000000 | Loans, Advances and Deposits | RP-47 | 1694892.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 5135622.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 95303341.00 |

Senior Deputy Director

Kerala State Audit Department